# ജ്വല്ലറികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി ജില്ലാ പോലീസ് ആസ്ഥാനത്ത് യോഗം ചേർന്നു

എറണാകുളം റൂറൽ ജില്ലയിലെ ജ്വല്ലറികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനായി, ആലുവയിൽ റൂറൽ ജില്ലാ പോലീസ് ആസ്ഥാനത്തെ കോൺഫ്രൻസ് ഹാളിൽ ജില്ലയിലെ സ്വർണ്ണ വ്യാപാരികളെ വിളിച്ചു ചേർത്ത് അവലോകന യോഗം ചേർന്നു.

ജില്ലാ പോലീസ് മേധാവി എ.വി.ജോർജ്ജ് ഐ.പി.എസ് വിളിച്ചു ചേർത്ത യോഗത്തിൽ പെരുമ്പാവൂർ ഡി.വൈ.എസ്.പി ജി.വേണു, മൂവാറ്റുപുഴ ഡി.വൈ.എസ്.പി കെ.ബിജുമോൻ, റൂറൽ ജില്ലയിലെ ഏകദേശം 100 ഓളം സ്വർണ്ണ വ്യാപാരികൾ തുടങ്ങിയവർ സംബന്ധിച്ചു.

ജ്വല്ലറികളുടെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് എല്ലാ ജ്വല്ലറികളിലും സ്ഥിരം സി.സി.ടി.വി ക്യാമറകൾ സ്ഥാപിക്കുന്നതിന് തീരുമാനമെടുത്തു. കൂടാതെ അപരിചിതരിൽ നിന്നും സ്വർണ്ണം വാങ്ങുമ്പോൾ അവ മോഷണ മുതലല്ലെന്ന് ഉറപ്പു വരുത്തുന്നതിനു വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനും നിർദ്ദേശിച്ചു.



